# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# വിദ്യാനിലയം

**തിരുവട്ടൂർ എ. എൽ. പി. സ്കൂൾ**

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : സ്കൂൾ |
| സ്കൂൾ കോഡ് | : 13735 |
| സ്കൂളിന്റെ പേര് | : തിരുവട്ടൂർ എ. എൽ.പി. സ്കൂൾ |
| മേൽവിലാസം | : തിരുവട്ടൂർ പി.ഒ.തിരുവട്ടൂർ |
| പിൻകോഡ് | : 670502 |
| ഫോൺ നമ്പർ | : 9947443310 |
| ഇമെയിൽ | : thiruvattooralps@gmail.com |
| ഗ്രാമപഞ്ചായത്ത് | : പരിയാരം ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| സബ്ജില്ല | : തളിപ്പറമ്പ് വടക്ക് |
| ക്ലാസുകൾ | : 1 മുതൽ 5 വരെ |
| മാനേജ്മെന്റ് | : എയ്ഡഡ് വ്യക്തിഗതം |
| പഠനം മാധ്യമം | : മലയാളം, ഇംഗ്ലീഷ് |

# ആമുഖം

തളിപ്പറമ്പ് വടക്ക് സബ് ജില്ലയിൽ ഉൾപ്പെടുന്ന തിരുവട്ടൂർ എന്ന ഗ്രാമത്തിൽ പരിയാരം പഞ്ചായത്തിലാണ് കുപ്പം പുഴയ്ക്ക് സമീപമായി ചെറിയ ഒരു കുന്നിൻ പുറത്തായി സ്ഥിതി ചെയ്യുന്നു. തലപ്പറമ്പിൽ നിന്നും പയ്യന്നൂർ റൂട്ടിൽ ചുടല എന്ന സ്ഥലത്ത് ഇറങ്ങി, തെക്കുഭാഗത്ത് 8 കിലോമീറ്റർ ചെന്നാൽ സ്കൂളിൽ എത്തും 1954 ൽ സ്ഥാപിതമായി തട്ടിക്കൂട്ടി മമ്മദ് ഹാജിയാണ് സ്ഥാപക മാനേജർ. ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ പി. അബൂബക്കറാണ് മാനേജർ. 2022-2023 അധ്യയന വർഷം മുതൽ ഇംഗ്ലീഷ് മീഡിയവും തുടങ്ങി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കാൻ അക്കാദമിക രംഗത്തും, കലാരംഗത്തും,കായിക രംഗത്തും, കലാരംഗത്തും മികവ് വർദ്ധിപ്പിക്കുവാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിമികച്ചസ്കൂൾഅവാർഡ്നിരവധിതവണലഭിച്ചിട്ടുണ്ട്.സ്കൂൾകലോത്സവം, അറബിക് കലോത്സവം, എൽ.എസ്.എസ് സ്കോളർഷിപ്പ്, സുഗമ ഹിന്ദി പരീക്ഷ എന്നിവയിൽ മികച്ച വിജയം കാഴ്ചവച്ചിട്ടുണ്ട്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകളെയും പോരായ്മകളും ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ,: എം.ബി.എ,നാട്ടുകാർ, പൂർവവിദ്യാർഥികൾ, പഞ്ചായത്ത് എന്നിവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കുന്നിൻ പച്ച വിരിച്ച പാടവും, പുഴയും, കുന്നും എല്ലാം ശിശു സൗഹൃദ അന്തരീക്ഷം ഒരുക്കുന്നു. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സ്വാർത്ഥകമാകുന്നു.

# തിരുവട്ടൂർ എ. എൽ. പി.സ്കൂളിന്റെ ചരിത്രം

തിരുവട്ടൂർ എന്ന സ്ഥലനാമവുമായി ബന്ധപ്പെട്ട് ഒട്ടേറെ ഐതിഹ്യങ്ങളുണ്ട്. തിരു വടു എന്ന വാക്കിൽ നിന്ന് തിരുവട്ടൂർ ഉണ്ടായി വടു എന്നാൽ അടയാളം. ആദ്യം തിരുവട്ടൂർ പള്ളിയിൽ ആരംഭിച്ചിരുന്ന വിദ്യാലയം ഇന്ന് കാണുന്ന സ്ഥലത്ത് ആരംഭിച്ചത് തട്ടിക്കൂട്ടി മമ്മദ് ഹാജിയാണ്. ബാലചന്ദ്രൻ മാഷാണ് ആദ്യ ഹെഡ്മാസ്റ്റർ, 1954ൽ സ്ഥാപിതമായ വിദ്യാലയത്തിൽ1മുതൽ 5 വരെ ക്ലാസ്സുകളാണ് ഉണ്ടായത്. ഇപ്പോൾ എല്ലാ ക്ലാസും 2 ക്ലാസുകൾ വീതം ഉണ്ട്. 2022-2023 ആദ്യമായി ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. വി വി ഷീജ ടീച്ചറാണ് 2025 മുതൽ സ്കൂളിലെ പ്രധാന അധ്യാപക.

**അക്കാദമികം നേട്ടങ്ങൾ**

എൽ. എസ്.എസ്. സ്കോളർഷിപ്പ് ലഭിക്കാറുണ്ട്. 2019ൽ 10 കുട്ടികൾക്കും തുടർന്നും സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. സുഗമ ഹിന്ദി പരീക്ഷയിൽ കഴിഞ്ഞ 2 വർഷമായി അഞ്ചാം തരത്തിലെ കുട്ടികൾക്ക്അ+ ലഭിക്കുന്നുണ്ട്. അറബിക് അലിഫ് ടാലന്റ് പരീക്ഷയിൽ കഴിഞ്ഞ വർഷങ്ങളിൽ എല്ലാം ഒന്നാമതായി എത്താൻ സാധിച്ചിട്ടുണ്ട്.

**അക്കാദമികം പരിമിതികൾ**

കുട്ടികൾ മദ്രസ പഠനത്തിനു ശേഷമാണ് സ്കൂളിൽ എത്തുന്നത്. നഷ്ടപ്പെട്ട ദിനങ്ങൾ നികത്തുന്നതിന് സ്പെഷ്യൽ ക്ലാസ് നടത്തുന്നതിനും പ്രയാസപ്പെടാറുണ്ട്. സയൻസ് ലാബ്,ഗണിതലാബ്, സോഷ്യൽ സയൻസ് ലാബ്, എന്നിവ ഒരുക്കേണ്ടതുണ്ട് ഇംഗ്ലീഷ് പഠനവും വേണ്ടത്ര നിലവാരമില്ല. എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ഗണിതക്രിയകളുടെ പ്രാഥമിക പാഠങ്ങളും, മലയാളം, അറബിക്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷ വിഷയങ്ങൾ നന്നായി കൈകാര്യം ചെയ്യാനും പരിമിതിയുണ്ട്.

**ഭൗതികം നേട്ടങ്ങൾ**

13 ക്ലാസ് മുറികൾ ഉണ്ട്. ഒരു സ്മാർട്ട് ക്ലാസും ഉൾപ്പെടുന്നു. കമ്പ്യൂട്ടറും, ഹെഡ്മാസ്റ്റർ റൂം, മികച്ച പാചകപ്പുര എന്നിവയുണ്ട്. 6 ലാപ്ടോപ്പും2 പ്രോജക്റ്ററുകളും സ്കൂളിന് സ്വന്തമായി ഉണ്ട്.

# ഭൗതികം പരിമിതികൾ

ഒറ്റക്കെട്ടിടത്തിൽ നല്ല സൗകര്യമുള്ള സ്കൂൾ കെട്ടിടം ആവശ്യമാണ്. കുട്ടികൾക്ക് കളി സ്ഥലമില്ല എന്നത് പരിമിതിയാണ്. മികച്ച സൗകര്യമുള്ള കോൺക്രീറ്റ് കെട്ടിടം കാലത്തിന്റെ ആവശ്യമാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുവാനുള്ള ഭോജനശാലയും ആവശ്യമാണ്.

**സാമൂഹികം നേട്ടങ്ങൾ**

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധത സംഘടനകളുടെ പ്രവർത്തനം സാമൂഹികമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സാമൂഹികമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കാൻ, വീടുകളിൽ ലൈബ്രറി തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃക പരമായി നടക്കുന്നുണ്ട്.

**സാമൂഹികം പരിമിതികൾ**

മാനവികത ഉയർത്തുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. എന്നാൽ പഠനസമയം നഷ്ടപ്പെടുന്നതിനാൽ ഏറ്റെടുക്കുക പ്രയാസകരമാണ്. പൂർവ്വ വിദ്യാർത്ഥികളും ക്ലബ്ബ് പ്രവർത്തകരും ഇത് ഏറ്റെടുക്കേണ്ടതുണ്ട്

**അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

**വികസന ലക്ഷ്യങ്ങൾ**

1. എന്റെ വീട് ഒരു വായന കൂട്
   - എ. ക്ലാസ്സ് ലൈബ്രറി
   - ബി. സ്കൂൾ ലൈബ്രറി
   - സി. വീട് ലൈബ്രറി
   - ഡി. വീട്ടുമുറ്റ വായനാ സദസ്സ്
   - ഇ. 3,4 ക്ലാസുകളിലെ എല്ലാ കുട്ടികളെയും മലയാള ഭംഗിയായി വായിക്കാൻ.
2. ശാസ്ത്ര കൗതുകം
3. ഗണിത കോർണർ
4. ചരിത്ര താളുകൾ
5. ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ
6. സഹിൽ അറബിക്
7. ചങ്ങാതി കൊട്ടാരം
8. പഠിക്കാം ഉല്ലസിക്കാം
9. ഹരിത ക്ലബ്ബ്
10. എൽ എസ് എസ് പരീക്ഷ പരിശീലനം
11. സ്കൂൾ ഡിജിറ്റൽ ലോകം
12. ക്ലാസ് പിടിഎ
13. നിറപ്പകിട്ട്
14. ദിനാചരണങ്ങൾ
15. വാർഷികാഘോഷം

# പ്രവർത്തന വിശദാംശങ്ങൾ

**പ്രവർത്തനം1 എന്റെ വീട് ഒരു വായന കൂട്**

**വായനാ പോഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടി കൾക്കും പ്രത്യേകിച്ച് 3,4,5 വായന ശേഷി വികസനം | ക്ലാസ് ലൈബ്രറി വീട് ലൈബ്ര റി സ്കൂൾ ലൈബ്രറി ഒരുക്കുക വായനാ പരിശീലനം നൽകുക | ജൂൺ മുതൽ ജനുവരി വരെ | അധ്യാപകർ രക്ഷിതാക്കൾ പി.ടി.എ | |

**പ്രവർത്തനം 2 ശാസ്ത്ര കൗതുകം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഘു പരീക്ഷണ ങ്ങൾ സ്വന്തമാ യി ചെയ്യുക | അധ്യാപകർ ആവശ്യമായ നിർദ്ദേശം നൽകി സഹായിക്കും | ജൂലൈ മുതൽ ഡിസംബർ വരെ | സയൻസ് ക്ലബ്ബ്, പി. ടി. എ | |

**പ്രവർത്തനം 3 ഗണിത കോർണർ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതാശയ ങ്ങൾ മനസ്സി ലാക്കുക | ഗണിതോ പകരണങ്ങൾ സംഘടിപ്പിച്ച് അധ്യയനം നടത്തുക | ജൂലൈ മുതൽ ജനുവരി വരെ | ഗണിത ക്ലബ് പി. ടി. എ | |

**പ്രവർത്തനം 4 ചരിത്ര താളുകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യബോധം ഉണ്ടാക്കുക സാമൂഹ്യശാസ്ത്രാ ശയങ്ങൾ ഭൂപടം, ഗ്ലോബ് അടങ്ങിയ ലാബ് സംഘടിപ്പിക്കുക | സാമൂഹ്യ ശാസ്ത്ര ലാബ് നിർമ്മാണം | ജൂലൈ മുതൽ ഡിസംബർ വരെ | പി.ടി.എ സാമ്പത്തികം | |

**പ്രവർത്തനം 5 ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരിക്കുക | ഇംഗ്ലീഷ് സ്കിറ്റ്, കോൺവർസേഷൻ, ആർട്ടിക്കിൾ, റോൾപ്ലേ, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് | ജൂലൈ മുതൽ ഫെബ്രുവരി വരെ | പി.ടി.എ. സാമ്പത്തികം | |

**പ്രവർത്തനം 6 സഹിൽ അറബിക്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് ഭാഷയോട് മമത കൂട്ടുക, നന്നായി വായിക്കാൻ പഠിക്കുക | വായന കളരി അറബിക് ഫെസ്റ്റ്, അറബിക് ടാലന്റ്, എക്സാമിൽ പങ്കെടുക്കുക | ജൂലൈ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകൻ | |

**പ്രവർത്തനം 7 ചങ്ങാതി കൊട്ടാരം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേതൃഗുണം, കൂട്ടായ്മ, ഐക്യത പരസ്പര സ്നേഹം വളർത്തുക, ഗണിതം, സയൻസ്, ഇംഗ്ലീഷ്, സാമൂഹ്യബോധം എന്നിവയിൽ അറിവ് വർദ്ധിപ്പിക്കുക | സഹവാസ ക്യാമ്പ്, സ്കൂളുകളിൽ സംഘടിപ്പിക്കുക, ഗണിതം സയൻസ്, ഇംഗ്ലീഷ്, ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | ക്രിസ്മസ് അവധി | പി.ടി.എ | |

**പ്രവർത്തനം 8 പഠിക്കാം ഉല്ലസിക്കാം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യാത്രാവിവരണം എഴുതാൻ പഠിപ്പിക്കുക ലോകവിവരം ഉണ്ടാക്കുക | 3,4,5, കുട്ടികൾക്ക് അറിവ് വർദ്ധിപ്പിക്കാൻ യാത്ര ചെയ്യുക | ഒക്ടോബർ നവംബർ മാസം | പി.ടി.എ. | |

**പ്രവർത്തനം 9 ഹരിത ക്ലബ്ബ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേതൃഗുണം കൂട്ടായ്മ പരസ്പര സ്നേഹം സഹകരണം എന്നിവ മനസ്സിലാക്കുന്നതിനും പാലിക്കുന്നതിനും | ക്ലാസിലെ ഓരോ കുട്ടിയുടെയും വ്യക്തി ശുചിത്വം പരസ്പരം ശുചിത്വം എന്നിവ വിലയിരുത്തുകയും ആവശ്യമായ പിന്തുണ നൽകിയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ പി.ടി.എ. | |

**പ്രവർത്തനം 10 എൽ എസ് എസ് പരീക്ഷ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാലാം തരത്തിലെ കുട്ടികൾക്ക് എൽ എസ് എസ് പരീക്ഷ പരിശീലനം നൽകി | എൽ എസ് എസ് പരീക്ഷ എഴുതുവാൻ പരിശീലനം നൽകുക | സെപ്റ്റംബർ മുതൽ ഫെബ്രുവരി | അധ്യാപകർ | |

**പ്രവർത്തനം 11 സ്കൂൾ ഡിജിറ്റൽ ലോകം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുക | സ്കൂൾ പ്രവർത്തനം അപ്ലോഡ് ചെയ്യുക | ഒക്ടോബർ മാസത്തിനകം പ്രവർത്തനം സജ്ജമാക്കുക | അധ്യാപകർ | |

**പ്രവർത്തനം 12 ക്ലാസ് പിടിഎ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠന വിവരങ്ങൾ യഥാസമയം രക്ഷിതാക്കളെ അറിയിച്ച അക്കാദമിക പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക | ക്ലാസ് പി ടി എ സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | |

**പ്രവർത്തനം 13 നിറപ്പകിട്ട്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ താല്പര്യമുണ്ടാക്കുക | ചിത്രരചനയിൽ കഴിവുള്ള അധ്യാപകന്റെ നേതൃത്വത്തിൽ പരിശീലനം 3 മുതൽ 5 വരെ ക്ലാസുകൾ | നവംബർ | ക്ലാസ് അധ്യാപകർ | |

**പ്രവർത്തനം 14 ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യമായി ആചരിക്കുക അതു വഴി അറിവ് വർദ്ധിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ ഉചിതമായി നടത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ | |

**പ്രവർത്തനം 15 വാർഷികാഘോഷം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകത സഹകരണം നേതൃഗണം വളർത്തുക മികവ് അംഗീകരിക്കുക | നൃത്തം നാടകം ഒപ്പന തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകുന്നു പഠനത്തിൽ മികവുള്ള കുട്ടികളെ അംഗീകരിക്കുന്നു. | ഫെബ്രുവരി | പി ടി എ | |

# ഉപസംഹാരം

തിരുവട്ടൂർ എ എൽ പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപഠേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ് . കുട്ടികളുടെ സർവോത്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന് ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന് ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.